# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2198

17.06.2014-ൽ മറുപടിക്ക്

## ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കുള്ള ഭവന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ: | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് മാത്രമായി നിലവിലുള്ള ഭവന പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ; | (എ) | ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് മാത്രമായി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| ബി) | ഓരോ പദ്ധതിക്കും അനുവദിച്ചിരിക്കുന്ന തുക വിശദമാക്കാമോ; | (ബി) | വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതികളുടെ ഗുണഭോക്താവാകുന്നതിന് ഹാജരാക്കേണ്ട രേഖകൾ ഏതെല്ലാമാണ്; വിശദാംശം നൽകുമോ; | (സി) | വിശദാംശം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കായി ഭവന നിർമ്മാണത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദാംശം നൽകുമോ? | (ഡി) | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി പുതിയ ഭവന നിർമ്മാണ പദ്ധതികൾ ഒന്നും ആവിഷ്കരിച്ചിട്ടില്ല. 1 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ദുർബ്ബല വിഭാഗക്കാർക്ക് 4% പലിശ നിരക്കിൽ ഭവനവായ്പ അനുവദിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതിയായ സൗഭാഗ്യ ഭവന പദ്ധതി പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

(1) **സുരക്ഷാ ഭവന പദ്ധതി**

21/03/2005-ലെ (എം.എസ്) 9/2005/ഭവനം നമ്പർ സർക്കാർ ഉത്തരവു പ്രകാരം 2005-06 മുതൽ തുടർന്നു വരുന്ന പദ്ധതിയാണ് സുരക്ഷാ ഭവന പദ്ധതി. ദുർബ്ബല വിഭാഗത്തിൽപ്പെട്ട വീടില്ലാത്തതും എന്നാൽ 2 സെന്റ് ഭൂമി സ്വന്തമായുള്ളതുമായ പാവപ്പെട്ടവർക്ക് സന്നദ്ധ സംഘടന/വ്യക്തി/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെ വീടിന്റെ കൂരമട്ടംവരെ പണി പൂർത്തീകരിക്കുമ്പോൾ 25,000/-രൂപ സർക്കാർ സബ്സിഡിയായി നൽകുന്ന പദ്ധതിയാണിത്. 2,00,000/- രൂപ സർക്കാർ സബ്സിഡിയിൽ ഗൃഹശ്രീ ഭവന പദ്ധതി പ്രാബല്ല്യത്തിൽ വന്ന സാഹചര്യത്തിൽ തീരെ കുറഞ്ഞ തുക സബ്സിഡിയായി നൽകുന്ന സുരക്ഷാ ഭവന പദ്ധതിയ്ക്ക് പ്രസക്തിയില്ലാത്തതിനാൽ 2013 മാർച്ച് 31 നകം നിർമ്മാണ പ്രവർത്തനങ്ങളാരംഭിച്ച വീടുകൾക്കുകൂടി സബ്സിഡി വിതരണം ചെയ്ത് സുരക്ഷാ പദ്ധതി നിറുത്തലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 2005-06 മുതൽ 31/05/2014 വരെ 10.8 കോടി രൂപ അനുവദിക്കുകയും, 3466 വീടുകൾക്ക് 59.9 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(2) **ഇന്നവേറ്റീവ് ഭവന പദ്ധതി**

നഗരങ്ങളിൽ ജോലി ചെയ്തു കൊണ്ട് നഗരത്തിന് പുറത്ത് താമസിക്കുന്ന പാവപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ളാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് ലഭ്യമാക്കുന്ന പദ്ധതി.

(3).**സാഫല്യം ഭവന പദ്ധതി**

ഭൂ-ഭവന രഹിതരായ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ദുർബല വിഭാഗക്കാർക്ക് സർക്കാർ സബസിഡിയോടു കൂടിയും സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയും ഫ്ളാറ്റുകൾ നിർമ്മിച്ച് ലഭ്യമാക്കുന്ന പദ്ധതിയാണിത്.

4. എം.എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി

27/03/2008-ലെ (എം.എസ്) 3/08/Hsg നമ്പർ ഉത്തരവു പ്രകാരം നടപ്പിലാക്കിയ പദ്ധതിയാണ് എം.എൻ ലക്ഷംവീട് പുനരുദ്ധാരണ പദ്ധതി. 1972-76 കാലഘട്ടത്തിൽ നിർമ്മിച്ച ലക്ഷം വീടുകളുടെ പുനർനിർമ്മാണത്തിനായി സർക്കാർ സബ്സിഡി വിതരണം ചെയ്തു വരുന്നു. ജനറൽ വിഭാഗത്തിന് 75,000/- രൂപയും, SC വിഭാഗത്തിന് 1 ലക്ഷം രൂപയും, ST വിഭാഗത്തിന് 1,25,000/- രൂപയുമാണ് സർക്കാർ സബ്സിഡി തുക. 10/12/2013-ലെ (സാധാ) 3034/13/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എം.എൻ. ലക്ഷം വീട് പദ്ധതിയിൽ ഡ്യൂപ്ലക്സ് വീടുകൾക്കു പകരം പുതിയ വീടുകൾ നിർമ്മിക്കുന്നതിന് സിംഗിൾ യൂണിറ്റിന് 2 ലക്ഷം രൂപ വരെ ധനസഹായം നൽകാൻ ഗ്രാമപഞ്ചായത്തുകളെ അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 2007-08 മുതൽ 31/05/2014 വരെ 56 കോടി രൂപ സർക്കാരിൽ നിന്നും അനുവദിക്കുകയും 12812 വീടുകൾക്ക് 55.29 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## അനുബന്ധം 2

(1) ഇന്നൊവേറ്റീവ് ഭവന പദ്ധതിയ്ക്കായി 2008-09 സാമ്പത്തിക വർഷത്തെ സർക്കാർ ബഡ്ജറ്റിലൂടെ 250 ലക്ഷം രൂപയും, 2010-11 വർഷത്തിൽ 250 ലക്ഷം രൂപയും, 2011-12 വർഷത്തിൽ 400 ലക്ഷം രൂപയും 2012-13 വർഷത്തിൽ 400 ലക്ഷം രൂപയും, 2013-14 വർഷത്തിൽ 300 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2014-15 വർഷത്തിൽ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(2) സാഫല്യം ഭവന പദ്ധതിയ്ക്കായി 2011-12 വർഷത്തിൽ 1 കോടി രൂപയും, 2013-14 വർഷത്തിൽ 5 കോടി രൂപയും സർക്കാർ ബജറ്റിൽ വകയിരുത്തി അനുവദിച്ചിട്ടുണ്ട്. 2014-15 വർഷത്തിൽ പദ്ധതിയ്ക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(3) സുരക്ഷാ ഭവന പദ്ധതിയിൽ വീടിന്റെ കൂരമട്ടം വരെയുള്ള പണി പൂർത്തീകരിക്കുമ്പോൾ 25,000/- രൂപ സർക്കാർ സബ്സിഡി ബോർഡ് വഴി നൽകുന്നു.

(4) എം.എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് 75,000/- രൂപയും എസ്.സി വിഭാഗത്തിന് 1,00,000/- രൂപയും, എസ്.റ്റി. വിഭാഗത്തിന് 1,25,000/- രൂപയും സർക്കാർ സബ്സിഡിയായി അനുവദിച്ചുവരുന്നു.

## അനുബന്ധം 3

### (1) ഇന്നൊവേറ്റീവ് ഭവന പദ്ധതി

(i) പാസ്പോർട്ട് സൈസ് ഫോട്ടോ - 2 കോപ്പി.
(ii) Voters Identity Card/Driving Licence/Passport/Adhaar എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് അല്ലെങ്കിൽ മാനേജ്മെന്റ് കമ്മറ്റി നിർദ്ദേശിക്കുന്ന രേഖകൾ.
(iii) Residence certificate from Panchayath/Municipality/ Corporation.
(iv) BPL certificate from Panchayath
(v) Registration land of workers welfare Boards/certificate from the present employer or Labour Officer.
(vi) Copy of ration card/List of family members issued by the village officer.

### (2) സാഫല്യം ഭവന പദ്ധതി

(i) ഗുണഭോക്താവിന് സ്വന്തമായി ഭൂമിയോ, ഫ്ളാറ്റോ, വീടോ ഇല്ലെന്നുള്ള തഹസീൽദാരിൽ നിന്നുള്ള സർട്ടിഫിക്കേറ്റ്.
(ii) നാഷണാലിറ്റി സർട്ടിഫിക്കേറ്റ്.
(iii) ജനന തീയതി തെളിയിക്കുന്ന സർട്ടിഫിക്കേറ്റ്.
(iv) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കേറ്റ്.
(v) ദാരിദ്ര്യ രേഖയ്ക്കു താഴെയാണെന്നു കാണിക്കുന്ന സർട്ടിഫിക്കേറ്റ്.
(vi) ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ.

### (3) സുരക്ഷാ ഭവനപദ്ധതി

2 ലക്ഷം രൂപ സർക്കാർ സബ്സിഡിയായി ഗൃഹശ്രീ ഭവന പദ്ധതി പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ തീരെ കുറഞ്ഞ തുക സബ്സിഡിയായി നൽകുന്ന സുരക്ഷാ ഭവന പദ്ധതിയ്ക്ക് പ്രസക്തിയില്ലാത്തതിനാൽ 2013 മാർച്ച് 31 നകം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച വീടുകൾക്കുകൂടി സബ്സിഡി വിതരണം ചെയ്ത് ടി പദ്ധതി നിറുത്തലാക്കുന്നതിന് സർക്കാരിന്റെ അനുമതി നൽകിയിട്ടുണ്ട്.

(4) **എം.എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി**

**ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ താഴെപറയുന്ന രേഖകൾ ബോർഡിൽ ഹാജരാക്കണം**

(i) ഗുണഭോക്താക്കളുടെ പട്ടിക തിരിച്ചുള്ള DPC തീരുമാനമോ ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ.
(ii) പ്രൊജക്ട് റിപ്പോർട്ട്.
(iii) 1972-76 കാലഘട്ടത്തിൽ പണിത ലക്ഷം വീടുകളാണെന്നുള്ള സാക്ഷ്യപത്രം.
(iv) ബാങ്ക് അക്കൗണ്ട് വിവരങ്ങൾ.